**കേരള സർക്കാർ**
കേരള വനം വന്യജീവി വകുപ്പ്
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, മലപ്പുറം

**ദർഘാസ് പരസ്യം**

ഇ - 1924/24 തീയതി : 08/11/2024

കേരള വനം വകുപ്പിലെ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ താഴെചേർത്തിരിക്കുന്ന പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പരിചയസമ്പന്നരായ നിശ്ചിതയോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ദർഘാസ് ക്ഷണിക്കുന്നു. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, പ്രമാണവില എന്നിവ നിയമപ്രകാരം ടെണ്ടറിനൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.inഎന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമെ സ്വീകരിക്കുകയുള്ളൂ. ഓൺലൈനിലൂടെ സമർപ്പിക്കുന്ന ദർഘാസുകളുടെ ഒറിജിനൽരേഖകൾ ടെണ്ടർ തുറക്കുന്ന തീയതിക്കുമുമ്പായി ഓഫീസിൽ ലഭിക്കത്തക്കവിധം രജിസ്റ്റേർഡ്/സ്പീഡ്പോസ്റ്റ്തപാലിൽ അയച്ചുതരേണ്ടതാണ്. ഇവ നേരിട്ട് സ്വീകരിക്കുന്നതല്ല. ഇ-ടെണ്ടർ സംബന്ധിക്കുന്ന നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

ദർഘാസ് ഫോറത്തിന്റെ വില (GSTതുക നേരിട്ട് അടവാക്കേണ്ടതാണ്), പ്രവൃത്തിയുടെ ഉദ്ദേശിക്കുന്ന അടങ്കൽ തുക എന്നിവ താഴെപറയും പ്രകാരമാണ്. ടി വിവരങ്ങൾ ഏകദേശം മാത്രമാണ്. യഥാർത്ഥ തുകയും വിവരങ്ങളും ഓൺലൈനിൽ ലഭ്യമായിരിക്കും. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രവൃത്തികളിൽ മാറ്റം വരാവുന്നതാണ്.

വിവരങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | പ്രവൃത്തിയുടെപേര് | അടങ്കൽ പി. എ. സി (രൂപയിൽ) | നിരതദ്രവ്യം (രൂപയിൽ) | ദർഘാസ് ഫോറം വില +GST(18%) | നിർമ്മാണ കാലാവധി |
|---|---|---|---|---|---|
| 1 | നിലമ്പൂർ സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസ് കെട്ടിടത്തിന്റെയും പ്രവേശന കവാടത്തിന്റെയും നവീകരണ പ്രവൃത്തി | 5,80,000/- | 14,500/- | 1200/- +GST | കരാർ തീയതി മുതൽ 3 മാസം |

**ദർഘാസ് ഫോറവിലയോടൊപ്പം 18% GST പ്രത്യേകം അടവാക്കേണ്ടതാണ്. ഇത്തരത്തിൽ അടവാക്കുന്ന GST തുകയുടെ ചെലാൻ/ഇൻവോയിസ് ടെണ്ടർ കവറിൽ സമർപ്പിക്കേണ്ടതുമാണ്**

**ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന** – www.etenders.kerala.gov.in**എന്ന വെബസൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്**

**കരാറുകാരുടെ തരം** – **പൊതുമരാമത്ത് വകുപ്പിലെ നിയമപ്രകാരം**

**പ്രവൃത്തികൾ പൂർത്തിയാക്കേണ്ട കാലാവധി– 3 മാസം**

| | ടെണ്ടർ തീയതികൾ |
|---|---|
| ദർഘാസ് പ്രമാണം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി | 08/11/2024 @ 6.00 PM |
| ദർഘാസ് സമർപ്പിക്കാവുന്ന അവസാന തീയതി | 20/11/2024 @ 2.00 PM |
| ദർഘാസ് തുറക്കുന്ന തീയതിയും സമയവും | 22/11/2024 @ 3.00 PM |

ഓൺലൈൻ ടെണ്ടറിനോടൊപ്പം നിയമപ്രകാരമുള്ള തുകക്കുള്ള കേരള മുദ്രപേപ്പറിൽ തയ്യാറാക്കി ഒപ്പിട്ട പ്രാഥമിക ഉടമ്പടി, സ്കാൻചെയ്ത മറ്റുരേഖകളുടെ പകർപ്പ്, PWD രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇ-പേയ്മെന്റ്ഫോം, ബിഡ്ഡോക്യുമെന്റ്, BoQ മുതലായവയ ഓൺലൈനായി സമർപ്പിക്കേണ്ട താണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC/KITM നിന്നോ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന contactus ൽനിന്നോ, ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർബാങ്കിംങ്ങ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കരാറുകാർ വിവരങ്ങൾ അപ്ലോഡു ചെയ്യുന്നതിനും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും ഡിപ്പാർട്ടുമെന്റ് ഉത്തരവാദിയായിരിക്കുന്നതല്ല. ടെണ്ടർ തുറക്കുന്ന തീയതി ഒരു പൊതുഅവധിയായി പ്രഖ്യാപിക്കുകയോ, സാങ്കേതികമായ മറ്റേന്തെങ്കിലും കാരണങ്ങളാലോ ടെണ്ടർ തുറക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടെണ്ടർ തുറക്കുന്നതായിരിക്കും.(മേൽകാര്യങ്ങൾ നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും)

ദർഘാസ് സമർപ്പിച്ചിട്ടുള്ള കരാറുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ഡിവിഷണൽ ഫോറസ്റ്റ്ഓഫീസിൽ ലഭിച്ച ദർഘാസ്കവറുകളും തുടർന്ന് ഓൺലൈൻ ടെണ്ടറും തുറക്കുന്നതാണ്. കരാറുകാരോ അവരുടെ പ്രതിനിധികളോ സന്നിഹിതരല്ലെങ്കിലും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദർഘാസ് തുറക്കുന്നതാണ്.

ദർഘാസ് സംബന്ധമായ PWDയിലും വനംവകുപ്പിലും നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും.

**കെ.എ. മുഹമ്മദ് സൈനുൽ അബിദീൻ**
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ ()
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ മലപ്പുറം
(കേരളഗവർണ്ണർക്കുവേണ്ടി)